VIJAYAGIRI PUBLIC SCHOOL
Affiliated to CBSE, Affiiation No: 930543
Annallur P.O, Chalakudy, Thrissur - 680731

**Circular No. 029/2023-2024** **Date:25/01/2024**

പ്രിയരക്ഷിതാക്കളെ

**Greetings!**

നിങ്ങൾക്കേവർക്കും ഐശ്വര്യപൂർണ്ണമായ നവവത്സരം ആശംസിക്കുന്നു. വിജയഗിരി പബ്ലിക് സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും പിന്തുണ നൽകി ഈ സ്ഥാപനത്തെ വളർച്ചയിലേക്ക് നയിക്കുന്നതിൽ രക്ഷാകർത്തൃകൂട്ടായ്മ വഹിക്കുന്ന പങ്ക് നിസ്സീമമാണ്. ഈ അവസരത്തിൽ മാനേജ്മെന്റ് നിങ്ങളോരോരുത്തരോടും കൃതജ്ഞത അറിയിക്കട്ടെ. ഓൺലൈൻ ക്ലാസുകൾ മൂലം സംഭവിച്ച പഠനവിടവ് നികത്തി കുട്ടികൾക്ക് മാനസികമായ ഉല്ലാസം ലഭിക്കുന്നതും, അവരെ കൂടുതൽ സാമൂഹ്യ ബോധമുള്ളവരാക്കി മാറ്റുവാൻ ഉപകരിക്കുന്നതുമായ പഠനപ്രവർത്തനങ്ങൾ ഞങ്ങൾ ശ്രദ്ധയോടെ ആവിഷ്കരിച്ചിട്ടുണ്ട്. മാനേജ്മെന്റ്, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ തുടങ്ങിയവരുടെ സഹകരണത്തോടെ എല്ലാ പാഠ്യേതര പ്രവർത്തനങ്ങളും സ്കൂൾ ആഘോഷങ്ങളും ഏറ്റവും ഉജ്ജ്വലമായിനടന്നു.

## Aarushi -2023 (Vijayagiri Youth Festival)

ആരുഷി സർഗോത്സവം വിദ്യാർത്ഥികളുടെ കലാസാഹിത്യാഭിരുചികളെ ആരോഗ്യകരമായ മത്സരബുദ്ധിയോടെ അവതരിപ്പിക്കാനുള്ള വേദിയൊരുക്കി. വിജയികളെ തൃശൂർ ജില്ലാസഹോദയമത്സരങ്ങളിലും നവംബർ മാസത്തിൽ കാലടിയിൽ വെച്ചു നടന്ന സംസ്ഥാനതല മത്സരങ്ങളിലും പങ്കെടുപ്പിച്ചു. ഓരോ മത്സരങ്ങളിലും മികവുറ്റ പ്രകടനമാണ് വിദ്യാർഥികൾ കാഴ്ചവെച്ചത്.

## Vijay Kiran (Vijayagiri Annual Athletic Meet)

ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും കായികമത്സരങ്ങളിൽ അവസരം ലഭിക്കുന്നതിനു വേണ്ടി സ്കൂൾ കായികോത്സവം സബ്ജൂനിയർ, ജൂനിയർ, സീനിയർ എന്നിങ്ങനെ മൂന്നുതലങ്ങളിലായി നടത്തി. ഡിസംബറിൽ എല്ലാ മത്സരങ്ങളും സമാപിച്ചു. മറ്റ് സ്കൂളുകളുമായി നടന്ന മത്സരങ്ങളിൽ വിജയഗിരി സ്കൂൾ ടീം ഗംഭീര പ്രകടനമാണ് നടത്തിയത്. ഷട്ടിൽ ടീം ഓവറോൾ ചാമ്പ്യൻ കിരീടം നേടി. ജനുവരി ആദ്യവാരം കോഴിക്കോടു വെച്ചു നടന്ന കായികോത്സവത്തിൽ അത്യുഗ്രൻ പ്രകടനമാണ് കുട്ടികൾ നടത്തിയത്.

**VIJAY THARANG - വാർഷികദിനവും ക്രിസ്തുമസ്സ് ആഘോഷവും**

നടനസംഗീത വിസ്മയം തീർത്ത് വിജയഗിരി വാർഷികദിനവും ക്രിസ്തുമസ്സ് ആഘോഷവും ഡിസംബർ അവസാനവാരം നടന്നു. തൃശ്ശൂർ അസിസ്റ്റൻറ് കളക്ടർ ശ്രീ കാർത്തിക് പാണിഗ്രാഹി IAS, ഇരിങ്ങാലക്കുട ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ, ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് സഹായ മെത്രാൻ മാത്യൂസ് മാർ സിൽവാനിയോസ് എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളായിരുന്നു. KG, LP, SECONDARY, SENIOR SECONDARY വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ അത്യുജ്ജ്വലമായ കലാപ്രകടനമാണ് സദസ്സിനു മുൻപിൽ അവതരിപ്പിച്ചത്. നൂറുകണക്കിന് മാതാപിതാക്കൾ പരിപാടിയിൽ സന്നിഹിതരായിരുന്നു. അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും അക്ഷീണമായ പ്രയത്നമാണ് പരിപാടിയെ സമ്പൂർണ വിജയത്തിലേക്ക് നയിച്ചത്.

**വിജയഗിരി Outreach പ്രോഗ്രാം**

LKG മുതൽ പത്താംക്ലാസ് വരെയുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കുവേണ്ടി വിദഗ്ധരായവരുടെ നേതൃത്വത്തിൽ ഓറിയന്റേഷൻ ക്ലാസുകൾ നടന്നു. ജൂലൈ മുതൽ നവംബർ വരെ വളരെ പ്രഗത്ഭരായ വ്യക്തികൾ നയിച്ച ക്ലാസ്സുകൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഏറെ പ്രയോജനപ്രദമായിരുന്നു.
ഒന്നാം തരം മുതൽ അഞ്ചാം തരം വരെയുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കു വേണ്ടി സംഘടിപ്പിച്ച ക്ലാസുകൾ ശ്രദ്ധേയമായിരുന്നു. ചെറിയ കുട്ടികളുടെ പഠനത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങളെകുറിച്ചുള്ള ചർച്ച ഏറെ ഫലപ്രദവും ഭാവിയിലേക്ക് വളരെ പ്രയോജനകരവും ആയിരിക്കും .

**അധ്യാപകപരിശീലനം:**

ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി സി ബി എസ് ഇ നിർദ്ദേശമനുസരിച്ച് വിദഗ്ധരായവരുടെ നേതൃത്വത്തിൽ 50 മണിക്കൂറിലധികം അധ്യാപകർക്ക് വേണ്ടിയുള്ള പരിശീലനക്ലാസ്സുകൾ നടന്നു. വിദ്യാർത്ഥികളുടെ ബൗദ്ധികവും സൃഷ്ടിപരവും കലാപരവുമായ കഴിവുകളെ മനസ്സിലാക്കുന്നതിനും ന്യൂതന സാങ്കേതിക വിദ്യയുപയോഗിച്ച് ക്ലാസ് മുറികളെ കൂടുതൽ സജീവമാക്കുവാനും, കുട്ടികളുടെ പഠനനിലവാരം ഉയർത്തുവാനും ഇത്തരം പരിശീലനക്ലാസുകൾ അദ്ധ്യാപകരെ പ്രാപ്തരാക്കി .

**Students Engagements:**

പഠനത്തോടൊപ്പം സാമൂഹ്യപ്രതിബദ്ധതയും മൂല്യബോധവുമുള്ള പൗരന്മാരായി വേണം കുട്ടികൾ വളരാൻ. പഠനസമയത്തിനു പുറമെ അവർക്കു ലഭിക്കുന്ന ഒഴിവുവേളകളെ കൂടുതൽ ക്രിയാത്മകവും സർഗോന്മുഖവുമാക്കി മാറ്റുന്നതിനു വേണ്ടി വിവിധലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന 6 ക്ലബ്ബുകൾ സ്കൂളിൽ രൂപീകരിച്ചു. 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ ഓരോ കുട്ടിയും അവരവരുടെ അഭിരുചിക്കനുസരിച്ച്

ഏതെങ്കിലും ഒരു ക്ലബ്ബിൽ അംഗമാണ്. Vimukthi Club; Social Science & Quiz Club; Science & Eco Club; Sports- Health and Wellness Club; Language & Reading Club; Maths Club എന്നിങ്ങനെ ആറു ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടന്ന പല പരിപാടികളും ജനശ്രദ്ധയാർജ്ജിക്കുകയും അവയുടെ മികവുറ്റ പ്രകടനം മൂലം വിജയഗിരിക്ക് ഏറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

## 2024-25 അധ്യയനവർഷത്തിലേക്കുള്ള പ്രവേശനം

2020ലെ ദേശീയവിദ്യാഭ്യാസനയത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദേശപ്രകാരം സ്കൂൾ സംവിധാനത്തെ പുനർവിന്യസിക്കാനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു.

1. അടിസ്ഥാനവിദ്യാഭ്യാസഘട്ടം - പ്രീകെജി, എൽകെജി, യുകെജി, സ്റ്റാൻഡേർഡ് 1&2 (മൂന്ന് വയസ്സ്മുതൽ 8 വയസ്സ് വരെ) ആദ്യഘട്ടംഅവസാനിക്കുന്നു .
2. പ്രപ്പറേറ്ററി സ്റ്റേജ് മൂന്നുവർഷം - ക്ലാസ് 3- 5 (പ്രായം എട്ടുമുതൽ 11 വരെ)
3. മധ്യഘട്ടം– 3വർഷം - ക്ലാസ് 6-8 ( പ്രായം 11 മുതൽ 14 വരെ)
4. സെക്കൻഡറി സ്റ്റേജ് – 4 വർഷം - ക്ലാസ് 9 മുതൽ 12 വരെ( പ്രായം 14 മുതൽ 18 വരെ)

വിവിധഘട്ടങ്ങൾക്കും പ്രായത്തിനും അനുസൃതമായ വിധത്തിലുള്ള പഠനനേട്ടങ്ങൾ കൈവരിക്കുന്നതിനുവേണ്ടി ദേശീയ വിദ്യാഭ്യാസ പാഠ്യപദ്ധതി ക്രമീകരിച്ചിട്ടുണ്ട്. കുട്ടികൾ പ്രായത്തിനനുസരിച്ചുള്ള ക്ലാസുകളിൽ പഠിക്കുന്നതുകൊണ്ട് ഈ മാറ്റത്തിൽ മാതാപിതാക്കൾ ആശങ്കപ്പെടേണ്ടതില്ല. ഘടനാപരമായ മാറ്റങ്ങളെ നേരിടാൻ സ്കൂൾ സജ്ജമാണ്. മൂന്ന് വയസ്സുള്ള കുട്ടികൾക്ക് പ്രീകെജിയിൽ പ്രവേശനം നേടാൻ കഴിയും എന്നത് രക്ഷിതാക്കൾക്ക് വലിയനേട്ടമാണ്. മറ്റു ക്ലാസുകളിലേക്കുള്ള പ്രവേശനം സീറ്റുകളുടെ ലഭ്യതക്കനുസരിച്ചായിരിക്കും.

## സ്കൂൾ ഫീസ്

എല്ലാതരം ഫീസുകളും സ്കൂൾ നിർദ്ദേശത്തിനനുസരിച്ച് സമയ പരിധിക്കുള്ളിൽ അടക്കുവാൻ പരമാവധി ശ്രദ്ധിക്കുക. ഓൺലൈൻ സംവിധാനം സജ്ജമാണ് അതുവഴി ഫീസ് അടയ്ക്കുക. ജൂൺ മാസത്തിനു മുൻപ് തന്നെ ഫീസ് അടയ്ക്കുവാനുള്ള ക്രമീകരണങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

മൂന്ന് മുതൽ 10 വരെയുള്ള വിദ്യാർത്ഥികളുടെ ഫീസിൽ നേരിയ (10%) വർദ്ധനവ് ഉണ്ടായിരിക്കും. എട്ടു വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ഫീസിൽ നേരിയ വർദ്ധനവ് വരുത്തിയിരിക്കുന്നത്. 2016 ലാണ് അവസാനമായി ഫീസ് വർദ്ധിപ്പിച്ചത്. എൽ കെ ജി മുതൽ രണ്ടാം തരം വരെയുള്ള വിദ്യാർത്ഥികൾക്ക് കോവിഡ് മൂലം പ്രഖ്യാപിച്ച ആനുകൂല്യം ഈ വർഷം കൂടി തുടരുന്നതാണ് (2024- 25).

സ്കൂൾ ബസ് ഫീസിലും 5-8% വർദ്ധന എല്ലാ വർഷവും വരുത്തേണ്ടതായ സാഹചര്യമാണ്. അതിനാൽ വരുന്ന ഏപ്രിൽ മാസം മുതൽ ഈ വർധന പ്രാബല്യത്തിൽ വരുന്നതായിരിക്കും

**ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്**

കോഴ്സ് പൂർത്തിയാക്കുന്നതിന് മുമ്പു കുട്ടികളെ സ്കൂൾ മാറ്റാൻ ആഗ്രഹിക്കുന്ന രക്ഷിതാക്കൾ ഫെബ്രുവരിയിൽ തന്നെ സർട്ടിഫിക്കറ്റ് വേണമെന്ന് അറിയിക്കുകയും അപേക്ഷിക്കുകയും ചെയ്യേണ്ടതാണ്. വിവിധ ക്ലാസുകളിലേക്ക് പുതിയ അഡ്മിഷൻ സ്വീകരിക്കാൻ സ്കൂളിനെ ഇത് സഹായിക്കും. പതിനൊന്നാം ക്ലാസിൽ റെഗുലർ സയൻസ്, കൊമേഴ്സ് ബാച്ചുകൾ ഉണ്ടായിരിക്കും.

എൻട്രൻസ് ഇൻറഗ്രേറ്റഡ് സയൻസ് ബാച്ചിലേക്കുള്ള പ്രവേശനം VAST ന്റെയും NEST ന്റെയും അടിസ്ഥാനത്തിൽ ആയിരിക്കും. പുതിയ ഹ്യൂമാനിറ്റീസ് ബാച്ച് 2024 25 മുതൽ ആരംഭിക്കുന്നത് പരിഗണനയിലാണ്.

**സ്കൂൾ യൂണിഫോം**

1. ഒമ്പതാം ക്ലാസിലെ പെൺകുട്ടികൾക്ക് യൂണിഫോം മാതൃക അതേ തരത്തിൽ തന്നെ പത്താം ക്ലാസിലും തുടരാം.
2. ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും വെള്ളിയാഴ്ചകളിൽ ധരിക്കുന്നതിന് വേണ്ടി ഏറ്റവും ഭംഗിയുള്ള ടീ ഷർട്ടുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.
3. കുട്ടികൾക്ക് ഏറ്റവും കുറഞ്ഞത് നാല്സെറ്റ് Bottom യൂണിഫോം (Skirt/ Pinafore/ Half Pant/ Trousers) 3 Set Shirt കരുതുന്നത് നന്നായിരിക്കും വൃത്തിയായി ക്ലാസ്സിൽ വരുന്നതിന് ഇത് സഹായകരമായിരിക്കും.
4. എട്ടാം ക്ലാസ് വരെയുള്ള കുട്ടികളുടെ വാർഷിക പരീക്ഷകളെല്ലാം മാർച്ച് 22നു ഉള്ളിൽ പൂർത്തിയാകും. ടെക്സ്റ്റ് ബുക്ക് മറ്റു സ്കൂൾ സ്റ്റേഷനറി ഇനങ്ങളുടെ വിതരണ തീയതി അടുത്ത സർക്കുലറിൽ അറിയിക്കുന്നതാണ്. പ്രിൻസിപ്പാളിനേയും മാനേജരേയും കാണണമെന്ന് ആഗ്രഹിക്കുന്നവർക്ക് എല്ലാ പ്രവൃത്തി ദിനങ്ങളിലും ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ സ്കൂളിലേക്ക് വരാവുന്നതാണ്. മുൻകൂട്ടി Appointment എടുക്കുന്നത് സൗകര്യപ്രദമായിരിക്കും.

മാനേജർ

Fr. സാമുവേൽ മാത്യു